**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 09 ശനി**

---

# ദേശീയ ലോക് അദാലത്തിൽ 11.5 കോടിയുടെ ഒത്തുതീർപ്പ്

ആലപ്പുഴ: ജില്ലയിലെ എല്ലാ കോടതികളിലുമായി നടത്തിയ ദേശീയ ലോക് അദാലത്തിൽ 11.5 കോടി രൂപയുടെ ഒത്തുതീർപ്പ്. 27 ബഞ്ചുകളിലായാണ് കോടതി കേസുകളും കോടതിയിതര കേസുകളും പരിഗണിച്ചത്. 2700 കോടതി കേസുകളും 6619 കോടതിയിതര കേസുകളും പരഗണിച്ചതിൽ 601 കോടതി കേസുകളും 728 ഇതരകേസുകളും പരിഹരിക്കപ്പെട്ടു.

വാഹനാപകട നഷ്ടപരിഹാരത്തിനുള്ള 541 കേസിൽ 8.7കോടി രൂപയുടെ നഷ്ടപരിഹാരം അനുവദിച്ചു. വിവിധ ബാങ്കുകൾ നൽകിയ വായ്പ കുടിശിക സംബന്ധിച്ച 3770 കേസിൽ 372 കേസ് ഒത്തുതീർന്നു. കെ.എസ്.ഇ.ബി., ജലഓതോറിട്ടി, ബി.എസ്.എൻ.എൽ., മറ്റു മൊബൈൽ കമ്പനികൾ, തൊഴിൽ വകുപ്പു കേസുകൾ, മോട്ടോർ വാഹന വകുപ്പുകേസുകൾ എന്നിവയും അദാലത്തിൽ പരിഗണിച്ചു. അദാലത്തിൽ സേവനം നൽകിയ സർവീസിലുള്ളവരും വിരമിച്ചവരുമായ ന്യായാധിപർ, അഭിഭാഷകർ, അദാലത്ത് പ്രയോജനപ്പെടുത്തിയവർ എന്നിവർക്ക് ജില്ല ജഡ്ജ് എ.ബദറുദ്ദീൻ നന്ദി അറിയിച്ചു.